## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 261 - 26/09/2011 ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

**ചോദ്യം** — **ഉത്തരം**

**ശ്രീ. സി.കെ സദാശിവൻ** — **ശ്രീ. കെ.എം. മാണി**

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള ധനകാര്യ സൂചകങ്ങൾ പ്രകാരം 2011 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 2011 മാർച്ച് 31 ലെ സപ്ലിമെന്ററി അക്കൗണ്ട്സ് അനുസരിച്ച് 2010 -11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30990 കോടി രൂപയും റവന്യൂ ചെലവ് 34662 കോടി രൂപയും ആയിരുന്നു. ഈ കാലയളവിലെ റവന്യൂ കമ്മി 3672 കോടി രൂപയും ധനകമ്മി 7728 കോടി രൂപയുമാണ്. റവന്യൂ കമ്മി, ധന കമ്മി എന്നിവ യഥാക്രമം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.38 ശതമാനവും 2.91 ശതമാനവുമാണ്. ഈ കാലയളവിലെ പ്രാഥമിക കമ്മി 2039 കോടി രൂപയാകുന്നു. പലിശയിനത്തിലെ ചെലവ് മൊത്തം റവന്യൂ വരുമാനത്തിന്റെ 18.36 ശതമാനവും മൊത്തം റവന്യൂ ചെലവിന്റെ 16.41 ശതമാനവുമാണ്. 2010-11 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത 78673 കോടി രൂപയാണ്. ഇത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 29.65 ശതമാനം ആകുന്നു. |

| | |
|---|---|
| ബി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി യിലാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | സംസ്ഥാനം ഇപ്പോൾ സാമ്പത്തിക പ്രതിസ ന്ധിയിലാണെന്ന് കരുതുന്നില്ല. |
| സി) മുൻ സർക്കാർ സ്ഥാനം ഒഴിയുമ്പോൾ ഖജനാവിൽ എന്തുതുക മിച്ചമുണ്ടായി രുന്നുവെന്ന് വ്യക്തമാക്കുമോ? | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 17/05/2011 ൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ യുടെ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിൽ 1963.47 കോടി രൂപ ബാലൻസായി ഉണ്ടായിരുന്നു. ഈ തുക ട്രഷറി ബില്ലുകളിൽ നിക്ഷേപിക്കപ്പെട്ടിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ